"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - പരപ്പനങ്ങാടി നഗരസഭയിൽ നിന്നും വിരമിച്ച ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. സൈനുദ്ദീൻ.സി ആരോഗ്യ വകുപ്പിൽ പ്രൊവിഷണലായി ജോലി ചെയ്തിരുന്ന കാലയളവ് സർവീസ് വെയിറ്റേജ് ആയി പരിഗണിച്ച് ടിയാന് ശമ്പള പരിഷ്കരണം അനുവദിക്കണമെന്ന ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1078/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 09/06/2020

---

1 ജി.ഒ.പി. നം. 701/2010/ഫിൻ , തീയതി 20.01.2016

2 മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 21.08.2008 ലെ ഡി -3-1732/08 ഉത്തരവ്

3 കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് മലപ്പുറം സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 07.12.2018 ലെ കെ.എസ്.എ.എം.പി.എം. 25/2738/18 നമ്പർ കത്ത്

പരാമർശം:- 4 ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 13.06.2019 ലെ OA(EKM) 363/2019 നമ്പർ ഉത്തരവ്

5 ശ്രീ. സൈനുദ്ദീൻ.സി സമർപ്പിച്ച 28.06.2019 തീയതിയിലെ അപേക്ഷ

6 ശ്രീ. സൈനുദ്ദീൻ.സി സമർപ്പിച്ച 01.09.2019 ലെ കത്ത്

7 പഞ്ചായത്ത് ഡയറക്ടറുടെ 03.09.2019 ലെ PAN/3102/2019-E14(DP) നമ്പർ കത്ത്.

**ഉത്തരവ്**

1. പരപ്പനങ്ങാടി നഗരസഭയിൽ നിന്നും ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I ആയി വിരമിച്ച ശ്രീ. സൈനുദ്ദീൻ.സി താൻ ആരോഗ്യ വകുപ്പിൽ പ്രൊവിഷണലായി ജോലി ചെയ്തിരുന്ന കാലയളവ് സർവീസ് വെയിറ്റേജിനു പരിഗണിച്ച് ശമ്പള പരിഷ്കരണം അനുവദിക്കണമെന്ന ആവശ്യം ഉന്നയിച്ച് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്തിരുന്ന OA(EKM) 363/2019 നം. ഹർജിയിൽ പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.

2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (4) ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ. സൈനുദ്ദീൻ.സി പരാമർശം (5) പ്രകാരം സർക്കാർ മുമ്പാകെ അപേക്ഷ സമർപ്പിച്ചു. പരപ്പനങ്ങാടി ഗ്രാമപഞ്ചായത്തിൽ (ഇപ്പോൾ നഗരസഭ) ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - 1 തസ്തികയിൽ സേവനം ചെയ്തിരുന്ന ടിയാന്റെ ശമ്പളം പരാമർശം (1) ഉത്തരവ് പ്രകാരം പരിഷ്കരിച്ച് ഫിക്സ് ചെയ്ത സമയം ടിയാന് പഞ്ചായത്ത് വകുപ്പിൽ പ്രവേശിക്കുന്നതിനു മുമ്പ് ആരോഗ്യവകുപ്പിൽ 26.10.1986 മുതൽ 27.11.1991 വരെയുണ്ടായിരുന്ന തുടർച്ചയായ മുൻകാല 5 വർഷ പ്രൊവിഷണൽ സർവീസ് (ഇൻക്രിമെന്റ്, ഗ്രേഡ് എന്നിവക്ക് പരിഗണിച്ച സർവീസ്)

വെയിറ്റേജിന് പരിഗണിച്ച് 01.07.2014 ലെ ശമ്പളം 48000/- രൂപയായി നിർണയിച്ച് പരപ്പനങ്ങാടി നഗരസഭ സെക്രട്ടറി ഉത്തരവായിരുന്നതായും എന്നാൽ ടിയാന്റെ സർവീസ് ബുക്ക് പെൻഷൻ ആനുകൂല്യ ഭാഗമായി പരിശോധിച്ച സ്റ്റേറ്റ് ഓഡിറ്റ് മലപ്പുറം ജില്ലാ ഓഫീസിലെ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ പ്രൊവിഷണൽ സർവീസ് വെയിറ്റേജിന് പരിഗണിക്കാൻ പ്രത്യേക ഉത്തരവ് ആവശ്യമാണെന്നും അല്ലാത്തപക്ഷം ശമ്പളം 01.07.2014 ന് 46900/- രൂപയായി റിവൈസ് ചെയ്യണമെന്ന് നിർദേശിക്കുകയും ആയത് പ്രകാരം പരപ്പനങ്ങാടി നഗരസഭ സെക്രട്ടറി ടിയാന്റെ ശമ്പളം 46900/- രൂപയായി റിവൈസ് ചെയ്ത് ഉത്തരവായതായും ഇത് മൂലം ടിയാന് ലഭിച്ചുകൊണ്ടിരുന്ന അർഹതപ്പെട്ട ആനുകൂല്യം നിഷേധിച്ചതായും ശ്രീ. സൈനുദ്ദീൻ ടിയാന്റെ അപേക്ഷയിൽ അറിയിച്ചു. മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പരാമർശം(2) ഉത്തരവ് പ്രകാരം ടിയാന്റെ പ്രൊവിഷണൽ സർവീസ് ഇൻക്രിമെന്റ്, ഗ്രേഡ് എന്നിവക്ക് പരിഗണിച്ചിട്ടുള്ളതാണെന്നും 10-ാം ശമ്പള പരിഷ്കരണ ഉത്തരവ് അനക്സർ II, റൂൾ 6 നോട്ട് പ്രകാരം ബ്രോക്കൺ പീരിയഡ് ഉൾപ്പടെയുള്ള പ്രൊവിഷണൽ സർവീസ് വെയിറ്റേജിന് പരിഗണിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ടെന്നും ടിയാന്റെ സമാന തസ്തികയിൽ നഗരസഭകളിലും മറ്റും സേവനം ചെയ്യുന്നവർക്ക് മറ്റ് ജില്ലകളിലെ ഓഡിറ്റ് വിഭാഗം ടി പ്രൊവിഷണൽ സർവീസ് വെയിറ്റേജിന് പരിഗണിച്ച് ശമ്പള നിർണ്ണയം അംഗീകാരം നൽകിയിട്ടുള്ളതായും മലപ്പുറം ജില്ലയിലെ സ്റ്റേറ്റ് ഓഡിറ്റ് വിഭാഗം സീനിയർ ഡെപ്യൂട്ടി ഡയറക്ടർ മാത്രമാണ് ഈ നടപടിക്ക് തടസ്സം ഉന്നയിക്കുന്നതെന്നും മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ പരാമർശം (4) ഉത്തരവിൻ പ്രകാരം കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് മലപ്പുറം സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ പരാമർശം (3) കത്ത് അസാധുവാക്കി ടിയാന്റെ ശമ്പളം 01.07.2014 ന് 48000/- രൂപയായി ഫിക്സ് ചെയ്യുന്നതിനും ആയത് പ്രകാരം ടിയാന്റെ പെൻഷൻ ആനുകൂല്യം ഉൾപ്പടെ ലഭ്യമാക്കുന്നതിനും പരപ്പനങ്ങാടി നഗരസഭ സെക്രട്ടറിക്ക് ആവശ്യമായ ഉത്തരവ് നല്കണമെന്ന് ശ്രീ. സൈനുദ്ദീൻ.സി പരാമർശം (5) പ്രകാരം സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ അഭ്യർത്ഥിച്ചു.

3. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവിൽ ഒന്നാം എതിർകക്ഷി അപേക്ഷകനെ നേരിൽ കേട്ടതിന് ശേഷം ഉത്തരവ് പുറപ്പെടുവിക്കാൻ നിർദ്ദേശിച്ചിരുന്നതിനാൽ അപേക്ഷകനെ നേരിൽ കേൾക്കുന്നതിനായി ഹാജരാകാൻ രണ്ട് പ്രാവശ്യം അവസരം നൽകിയിരുന്നെങ്കിലും ടിയാന് യാത്ര ചെയ്യുന്നതിന് സാധിക്കില്ലെന്നും ആയതിനാൽ നേരിൽ ഹാജരാകുന്നതിൽ നിന്ന് ഒഴിവാക്കി ടിയാന്റെ പരാമർശം (5) ലെ അപേക്ഷ പരിഗണിച്ച് ബഹു. ട്രൈബ്യൂണൽ വിധി പ്രകാരം, ടിയാന്റെ ഇൻക്രിമെന്റിനും ഗ്രേഡിനും പരിഗണിച്ച പ്രൊവിഷണൽ സർവീസ് ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം വെയിറ്റേജിന് പരിഗണിച്ച നടപടി അംഗീകരിച്ച് ഉത്തരവ് ഉണ്ടാകണമെന്ന് ശ്രീ. സൈനുദ്ദീൻ.സി സമർപ്പിച്ച പരാമർശം (6) ലെ കത്തിൽ അപേക്ഷിച്ചു.

4. മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി നഗരസഭയിൽ നിന്നും 30.04.2019 ന് വിരമിച്ച ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. സൈനുദ്ദീൻ.സി പഞ്ചായത്ത് വകുപ്പിൽ പ്രവേശിക്കുന്നതിന് മുൻപ് ആരോഗ്യ വകുപ്പിൽ 26.10.1986 മുതൽ 27.11.1991 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പ്രൊവിഷണലായി ജോലി ചെയ്തിരുന്നു. പ്രസ്തുത കാലയളവ് കൂടി കണക്കാക്കി പരാമർശം (1) ഉത്തരവ് പ്രകാരം ശമ്പളനിർണ്ണയം നടത്തി അടിസ്ഥാനശമ്പളം 48000/- രൂപയായി നിർണയിച്ചിരുന്നു. എന്നാൽ ഇൻക്രിമെന്റിന് പരിഗണിക്കാവുന്ന ഫുൾടൈം റെഗുലർ സർവീസ് മാത്രമെ സർവീസ് വെയിറ്റേജായി പരിഗണിക്കാവൂ എന്നാണ് മേൽ ശമ്പള പരിഷ്കരണ ഉത്തരവിൽ നിർദേശിച്ചിട്ടുള്ളതെന്നും 01.10.1994 ന്

മുൻപുള്ള എംപ്ലോയ്മെന്റ് സർവീസ് പെൻഷൻ, ഹയർ ഗ്രേഡ്, ഇൻക്രിമെന്റ് എന്നിവയ്ക്ക് പരിഗണിക്കാവുന്നതാണ് എന്ന വ്യക്തമായ സർക്കാർ ഉത്തരവ് ഉള്ളതിനാലാണ് അവ പരിഗണിച്ച് മുൻകാലങ്ങളിൽ ആനുകൂല്യങ്ങൾ നൽകിയതെന്നും ശമ്പള പരിഷ്കരണത്തിന് സർവീസ് വെയിറ്റേജ് കണക്കാക്കുന്നത് അതാത് ശമ്പള പരിഷ്കരണ ഉത്തരവിലെ നിർദേശങ്ങൾക്കനുസൃതമായാണെന്നും എംപ്ലോയ്മെന്റ് സർവീസ് കൂടി ശമ്പള പരിഷ്കരണത്തിന് പരിഗണിക്കാൻ അനുമതി നൽകിയ സർക്കാർ ഉത്തരവ് ഹാജരാക്കേണ്ടതാണെന്നും ഇല്ലെങ്കിൽ ശമ്പളം പുനർനിർണ്ണയിക്കേണ്ടതും നാളിതുവരെ അധികമായി നല്കിയ തുക തിരിച്ചടയ്ക്കേണ്ടതുമാണെന്നും കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ശുപാർശ ചെയ്തിട്ടുണ്ടെന്നും പരാമർശം (1) ഉത്തരവിൽ ഇൻക്രിമെന്റിന് യോഗ്യമായ റെഗുലർ സേവനമേ ശമ്പള പരിഷ്കരണ സർവീസ് വെയിറ്റേജ് ആയി പരിഗണിക്കുകയുള്ളൂവെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ ശ്രീ. സൈനുദ്ദീൻ.സി ഫയൽ ചെയ്ത ഒ.എ.363/2019 യിലെ ആവശ്യം നിലവിലെ സർക്കാർ ഉത്തരവ് പ്രകാരം അനുവദനീയമല്ലെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (7) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്താം ശമ്പള പരിഷ്കരണ ഉത്തരവിലെ അനുബന്ധം II ലെ ചട്ടം 6 ന് ചുവടെയുള്ള കുറിപ്പ് പ്രകാരം ശമ്പള സ്കെയിലിൽ സാധാരണ ഇൻക്രിമെന്റിന് പരിഗണിക്കുന്ന broken period of service ഉൾപ്പടെയുള്ള ഫുൾ ടൈം റെഗുലർ സർവീസാണ് സർവീസ് വെയിറ്റേജിനായി പരിഗണിക്കുന്നത്. ശ്രീ. സൈനുദ്ദീന്റെ 26.10.1986 മുതൽ 27.11.1991 വരെയുള്ള കാലയളവിലെ ആരോഗ്യ വകുപ്പിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ പ്രൊവിഷണൽ സർവീസ്, പഞ്ചായത്ത് വകുപ്പിലെ സാനിറ്ററി ഇൻസ്പെക്ടർ തസ്തികയിൽ ഇൻക്രിമെന്റിന് പരിഗണിക്കാനാകാത്ത സാഹചര്യത്തിൽ ടിയാന്റെ പ്രസ്തുത പ്രൊവിഷണൽ സർവീസ് പത്താം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം ശമ്പളം നിർണ്ണയിക്കുമ്പോൾ സർവീസ് വെയിറ്റേജിന് പരിഗണിക്കുവാൻ സാധിക്കുകയില്ല.

6. പരപ്പനങ്ങാടി നഗരസഭയിൽ നിന്നും 30.04.2019 ന് വിരമിച്ച ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. സൈനുദ്ദീൻ.സി യുടെ പഞ്ചായത്ത് വകുപ്പിൽ പ്രവേശിക്കുന്നതിന് മുൻപുള്ള 26.10.1986 മുതൽ 27.11.1991 വരെയുള്ള കാലയളവിലെ ആരോഗ്യ വകുപ്പിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ പ്രൊവിഷണൽ സർവീസ്, പഞ്ചായത്ത് വകുപ്പിലെ സാനിറ്ററി ഇൻസ്പെക്ടർ തസ്തികയിൽ ഇൻക്രിമെന്റിന് പരിഗണിക്കാനാകാത്ത സാഹചര്യത്തിൽ ടി പ്രൊവിഷണൽ സർവീസ് കാലയളവ് പരാമർശം (1) ഉത്തരവ് പ്രകാരം സർവീസ് വെയിറ്റേജ് ആയി പരിഗണിച്ച് ശമ്പള പരിഷ്കരണം അനുവദിച്ച് 01.07.2014 ലെ ശമ്പളം ഫിക്സ് ചെയ്യുവാൻ അനുവദിക്കണമെന്ന ടിയാന്റെ പരാമർശം (5) അപേക്ഷയിലെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

7. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (4) ലെ ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡിഷണൽ സെക്രട്ടറി**

ശ്രീ. സൈനുദ്ദീൻ.സി, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I (റിട്ടയേർഡ്), ചേനാത്ത് ഹൗസ്, പാണക്കാട് - കുന്നുമ്മൽ, പട്ടർകടവ്. പി.ഒ, മലപ്പുറം - 676519

അഡ്വക്കേറ്റ് ജനറൽ, കേരളം,എറണാകുളം (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം ജില്ല- 676505

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ, ഡിസ്ട്രിക്ട് ആഡിറ്റ് ഓഫീസ്, അപ്ഹിൽ, മലപ്പുറം-676505

സെക്രട്ടറി, പരപ്പനങ്ങാടി മുൻസിപ്പാലിറ്റി, മലപ്പുറം ജില്ല - 676505

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്(നം. DEV-1/265/2019/FIN. തീയതി 18.12.2019പ്രകാരം).

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/37/2019-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Danny M

സെക്ഷൻ ഓഫീസർ